(ബി) ഈ ആവശ്യത്തിനായി എത്ര രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഈ ചന്ദ്രശേഖരൻ നായർ):

(എ) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും.

(ബി) 32,94,900 രൂപ.

(4) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

സാംസ്കാരിക വേദിക്കാരുടെ പ്രകടനങ്ങൾ

882 [1637] ശ്രീമതി കെ. ആർ. സരസ്വതി അമ്മ:
ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വേദിക്കാരുടെ പ്രകടനങ്ങൾ എന്ത് അടിസ്ഥാനത്തിലാണ് ഗവൺമെൻറ് പിരിച്ചുവിടുന്നതെന്നും നിരോധിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) അവർ നടത്തുന്ന പ്രകടനംപോലെ മറ്റു സംഘടനകൾ നടത്തുന്ന പ്രകടനങ്ങളുടെ നേരെ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്.

ഉത്തരം

(എ) അക്രമാസക്തമല്ലാത്ത പ്രകടനങ്ങളെയൊന്നും പിരിച്ചുവിടുകയോ നിരോധിക്കുകയോ ചെയ്യുന്നില്ല.

(ബി) ഇക്കാര്യത്തിലുള്ള നയം മുൻപറഞ്ഞതുതന്നെയാണ്.

വെള്ളറട പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

883 [1638] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടോ;

(ബി) പോലീസ് സ്റ്റേഷൻ ഇപ്പോൾ പ്രവർത്തിക്കുന്ന ആനപ്പാറ ജംഗ്ഷനിൽതന്നെ ഫോറസ്റ്റ് വകുപ്പിൽനിന്നും അവശ്യമായ സ്ഥലം എടുത്തുകൊണ്ട് പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുവാൻ സത്വരമായ നടപടി സ്വീകരിക്കുമോ;

(സി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം ആർ. ഡി. ഒ. അദ്ധ്യക്ഷനായും നെയ്യാറിൻകര ഡി. വൈ. എസ്. പി., ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ, ഡിസ്ട്രിക്ട് രജിസ്ട്രാർ എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly